# സാധന പാഠം

ഡോ. കെ. ഭാസ്കരൻ നായർ

സമ്പത്തും പ്രതാപവും മൂന്നു തലമുറയിൽ കൂടുതൽ നിൽക്കുകയില്ലെന്നാണ് സാമൂഹിക ശാസ്ത്രജ്ഞന്മാർ പറയുന്നതു്. ഈ സാമാന്യ തത്വത്തിനു എല്ലാ രാജ്യങ്ങളിൽ നിന്നും എത്രയോ ഉദാഹരണങ്ങൾ അവർ ഉദ്ധരിക്കാറുണ്ടു്. ഏതായാലും അതിനുള്ള ഏററവും പുതിയ തെളിവാണ് നെഹ്റു കുടുംബത്തിൻെറ അനുഭവം. ഇന്ത്യയിൽ ഇനി എന്തെല്ലാം സംഭവിച്ചാലും ആ വംശത്തിനു് പഴയ സ്ഥാനമൊന്നും കൈവരുകയില്ലെന്നു് തീർച്ചയാണ്. മോത്തിലാൽ, ജവാഹർലാൽ, ഇന്ദിര എന്നിവരോടെ അതിൻെറ പ്രതാപം അസ്തമിച്ചിരിക്കുന്നു. എന്തു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതു് എന്നുള്ളതിനെപ്പററി രാഷ്ട്രീയ നിരീക്ഷകന്മാരുടെയും സാമ്പത്തിക വിദഗ്ദ്ധന്മാരുടെയും പത്രപ്രവർത്തകന്മാരുടെയും മററും അപഗ്രഥനങ്ങളും ഗവേഷണങ്ങളും നമുക്കു് വളരെക്കാലം വായിക്കേണ്ടിവരും. ഇതെല്ലാം തിരഞ്ഞെടുപ്പു കഴിഞ്ഞാൽ നടക്കാറുള്ള ഗണിതശാസ്ത്ര ഗവേഷണം പോലെ വ്യർത്ഥമായ യത്നങ്ങളാണ്. യുദ്ധത്തിലെന്നപോലെ രാഷ്ട്രീയ മൽസരത്തിലും ജയമെന്നും തോൽവിയെന്നും രണ്ടേ രണ്ടു ഫലങ്ങളേയുള്ളു. കണക്കുകൾ ഉദ്ധരിച്ചു് എന്തെല്ലാം നിഗമനങ്ങൾ കാണിച്ചാലും തോല്‌വി ജയമാവുകയില്ല; മറിച്ചുമില്ല.

മനുഷ്യ ഭാഗധേയങ്ങളുടെ കഥയും ഇതു തന്നെയാണ്. അവയുടെ കാരണങ്ങൾ വിശകലനം ചെയ്തതു കൊണ്ടു് അനുഭവത്തിനു് മാററം വരുന്നില്ല. ''അങ്ങനെ ചെയ്തെങ്കിൽ ഇങ്ങനെ വരുമായിരുന്നു. അതു് ചെയ്യാതിരുന്നെങ്കിൽ ഈ അനുഭവമാണ് ഉണ്ടാവുക'' എന്നൊക്കെ എത്ര യുക്തിത്തികവോടെ വാദിച്ചാലും ഒരു ഫലവുമില്ല. സ്പെങ്ഗ്ളർ എന്ന ജെർമ്മൻ ചിന്തകൻ സ്ഥലത്തിനും കാലത്തിനും പ്രത്യേകം പ്രത്യേകം യുക്തികളുണ്ടെന്നു് വാദിച്ചിട്ടുണ്ടു്. ഇവയിൽ സ്ഥലത്തിൻെറ യുക്തിയെ മാത്രമാണ് സാധാരണ ജീവിതത്തിൽ മനുഷ്യൻ ഉപയോഗിക്കുന്നതു്. ഭൗതിക ശാസ്ത്രങ്ങളുടെ വിശിഷ്ടമായ ഉപകരണവും അതാകുന്നു. കാലത്തിൻെറ യുക്തി ഇതിൽ നിന്നു് പാടേ ഭിന്നമാണ്. വിധി, നിയതി, ദിഷ്ടം, ദൈവം, കർ

Digitized by Kerala Sahitya Akademi

ത്മഫലം എന്നിത്യാദി സംജ്ഞകളുടെ വിവക്ഷിതത്തിൽ ഈ യുക്തിയാണ് അന്തർഭവിച്ചിരിക്കുന്നതു്. വൃഷ്ണികുലം നശിച്ചതും, രഘുവംശം ക്ഷയിച്ചതും, യവന റോമാ സംസ്കാരങ്ങൾ നാമാവശേഷമായതും, സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം അസ്തമിച്ചതും, ഇന്ത്യയിലെ ബ്രാഹ്മണ മേധാവിത്വം അതിന്നു തന്നെ വിനയായിത്തീന്നതും, രണ്ടാം ലോക മഹായുദ്ധത്തിൽ തോററു തകന്നു് തരിപ്പണമായ ജെർമ്മനിയും ജപ്പാനും, അവരെ തോല്പിച്ചവരെക്കാൾ ഐശ്വര്യം നേടിയതും, എന്തുകൊണ്ടെന്നു് ശരിയായി മനസ്സിലാകണമെങ്കിൽ, അതായതു് അനുഭൂതിയിൽ അറിയണമെങ്കിൽ, ഈ യുക്തിയെ ആശ്രയിക്കണം.

ഈ ഗവേഷണത്തിൽ സ്ഥിതിവിവരക്കണക്കുകളും രാഷ്ട്രീയ സിദ്ധാന്തങ്ങളും അർത്ഥശാസ്ത്ര സങ്കല്പങ്ങളും അപ്രസക്തമാണ്. അവിടെ അനുഭൂതിപ്രധാനമായ, ആദ്ധ്യാത്മികമായ, ഉൾക്കാഴ്ചകൾ കൊണ്ടു മാത്രമേ പ്രയോജനമുള്ളു. ഇവ ഭൗതിക വിജ്ഞാനങ്ങളുടെയും തത്വജ്ഞാനങ്ങളുടെയും ഉപദർശനങ്ങൾ പോലെയാണെന്നു ധരിക്കരുതു്. എന്നല്ല, ഇക്കാര്യത്തിൽ പണ്ഡിതന്മാരെയും ബുദ്ധിശാലികളെയും മാത്രം വിശ്വസിച്ചാൽ മതിയോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. സാധാരണ ജനങ്ങളുടെ ജീവിതാനുഭവങ്ങൾക്കും, ഹൃദയഗതികൾക്കും, നേതാക്കൻമാരായിത്തീരുന്ന മനുഷ്യരുടെ നേർക്കുള്ള പ്രതികരണങ്ങൾക്കും, അന്ധവിശ്വാസങ്ങൾക്കുപോലും, അതിൽ അത്യധികമായ പ്രാധാന്യമുണ്ടു്. ഇന്ത്യയിൽ കഴിഞ്ഞ മുപ്പതു വർഷമായി നടന്നതു് ഗാന്ധിജിയുടെയും അദ്ദേഹത്തിന്റെ ആദർശങ്ങളുടെയും നേർക്കുള്ള വിശ്വാസ വഞ്ചനയാണു്. ആധുനികവല്ക്കരണമെന്നും വ്യവസായവല്ക്കരണമെന്നും മററുമുള്ള പേരുകൾ പറഞ്ഞു് ഈ പാതകത്തെ മറയ്ക്കുവാൻ സാധിക്കുകയില്ല. ഇവയുടെ ഫലമായി ഈ രാജ്യം പ്രസിദ്ധി നേടിയിരിക്കാം; ഒരു മഹച്ഛക്തിയായി വളരുന്നതിനുള്ള അടിത്തറ ഉറപ്പിച്ചിരിക്കാം. പക്ഷേ ഇവിടുത്തെ 60 കോടി ജനങ്ങളിൽ സ്വാർത്ഥമൂർത്തികളും അർത്ഥ ലോഭികളുമായ ഒരു ന്യൂനപക്ഷം ഒഴികെ ബാക്കിയുള്ളവരിൽ നിന്നു് ഭരണകൂടം അകന്നുപോയി. നമ്മുടെ 40 കോടിയും നിരക്ഷരരാണെന്ന വസ്തുത ഈ സന്ദർഭത്തിൽ ഓർമ്മിക്കണം. ഇങ്ങനെയുള്ള ഒരു രാജ്യത്തു് അകലെയിരുന്നുള്ള ഭരണവും സാങ്കേതികമായ ഉദ്ധാരണ പദ്ധതികളും കൊണ്ടു് ജനങ്ങളെ സന്തുഷ്ടരാക്കി അവരുടെ സ്നേഹവും സഹകരണ

(ശേഷം 9-ാം പേജിൽ)

Digitized by Kerala Sahitya Akademi

4) മൂർച്ഛാം വിഹായ സഹസാ, പ്രതിലബ്ധബോധ,—
മുന്മീലിതാ ക്ഷിയുഗളസ്യ ശനൈ, ർമമാഗ്രേ
പ്രത്യക്ഷമേവ ലസതു സ്മിതസുന്ദരാസ്യഃ
കന്ദർപ്പകോടിസുഭഗഃ പശുപാലബാലഃ!

പെട്ടെന്നു മോഹാലസ്യം തീൎന്നു, തൻ്റേടം വീണു, മെല്ലെ രണ്ടുകണ്ണും മിഴിച്ച എൻ്റെ മുമ്പിൽ മന്ദഹാസത്താൽ ചന്തമേറിയ മുഖത്തോടുകൂടി കോടി കന്ദർപ്പൻമാരോളം സുന്ദരനായ ഗോപാലബാലൻ പ്രത്യക്ഷമായിത്തന്നെ വിളങ്ങട്ടെ!

5) തന്നാമധേയ പരികീൎത്തന ശീലജിഹ്വം,
തദ്രൂപധ്യേയ പരിചിന്തന ലോലചിത്തം,
ജീവാത്മസംജ്ഞിത, മിമം, തനുപഞ്ജരാന്ത—
ർബദ്ധം ശുകം സപദിമോചയതാൽ സദേവഃ!

തന്തിരുവടിയുടെ നാമം ജപിയ്ക്കുന്ന ശീലം നാവിനും, രൂപം സ്മരിയ്ക്കാൻ കൊതിനെഞ്ചിനുമുള്ള—ജീവാത്മാവെന്നു പറയുന്ന—ശരീരക്കൂട്ടിനുള്ളിൽ കുടുങ്ങിയ—ഈതലത്തയെ ആ ദേവൻ ഉടനെ മോചിപ്പിയ്ക്കട്ടെ!

*

(7-ാം പേജിൻ്റെ തുടർച്ച്)

വും സമ്പാദിക്കുവാൻ സാധിക്കുകയില്ല.

ഈ ദുരവസ്ഥ ഉണ്ടാകുമെന്ന് ഗാന്ധിജി നേരത്തെ കണ്ടിരുന്നു. അതിൻ്റെ ലക്ഷണങ്ങൾ തെളിഞ്ഞു തുടങ്ങിയപ്പോൾ അദ്ദേഹം മഹാദുഃഖം അനുഭവിക്കുകയും അധികാരസ്ഥാനങ്ങളെ വിട്ടകന്ന് ജനങ്ങളുടെ ഇടയ്ക്കു പോയി അവർക്ക് സാന്ത്വനം നല്കുന്ന പ്രവൎത്തനങ്ങളിൽ മുഴുകുകയും ചെയ്തു. അദ്ദേഹം അക്കാലത്ത് പതിവായി നടത്തി വന്ന പ്രാർത്ഥനായോഗങ്ങൾ പ്രസിദ്ധമാണ്. അവയുടെ സ്മരണ പോലും രോമാഞ്ചം ജനിപ്പിക്കുന്നു. രാഷ്ട്രീയാദർശങ്ങളുടെ പേരിലോ, മതേതരത്വത്തിൻ്റെ പേരിലോ, സാങ്കേതിക വിദ്യയുടെ പേരിലോ അല്ല അദ്ദേഹം ജനഹൃദയങ്ങളിൽ സദ്ബുദ്ധിയും പ്രത്യാശയും ജനിപ്പിച്ചത്. ഈശ്വരൻ്റെ പേരിലാണ്. അതിൽ ഇന്ത്യയിലെ ജനസഞ്ചയത്തിന് അഞ്ജേയമറ്റ സംതൃപ്തി ലഭിച്ചെങ്കിലും, അദ്ദേഹത്തിൻ്റെ

Digitized by Kerala Sahitya Akademi

ശിഷ്യൻമാരായ ഭരണാധികാരികരംക്കു് വിരോധമാണ് ഉണ്ടായതു്. ഗാന്ധിജിയുടെ ആദ്ധ്യാത്മികത്വം മാത്രമല്ല, അതിൻെറ ഉറവിടമായ ഭാരതീയ പാരമ്പര്യങ്ങളും, തുടച്ചു മാററിയാൽ മാത്രമേ ഈ രാജ്യത്തിനു് ഉൽക്കർഷം പ്രാപിക്കുവാൻ സാധിക്കുകയുള്ളു എന്നു് സ്വാതന്ത്ര്യലബ്ധിയുടെ ആവേശത്തിൽ അവർ വിശ്വസിച്ചു. ജനങ്ങരംക്കും ഈ പരിഷ്ക്കാരം ആവേശകരവും സ്വീകാര്യവും ആകുമെന്നാണ് നേതാക്കന്മാർ കരുതിയതു്. ഇംഗ്ലണ്ടിലും അമേരിക്കയിലും റഷ്യയിലുമെല്ലാം അങ്ങനെ സംഭവിച്ച സ്ഥിതിക്കു് ഇവിടെയും അതു നടക്കും. നടത്തണം. പക്ഷേ ഈ പുണ്യഭൂമിയിൽ അതു ആദ്ധ്യാത്മികമായ അനാഥത്വമാണ് ജനങ്ങളുടെ ഹൃദയത്തിൽ ജനിപ്പിച്ചതു്. ഗാന്ധിജി മരിച്ചതിനു ശേഷം മുപ്പതു വർഷക്കാലം ഈ സങ്കടം സഹിച്ചുകൊണ്ടു്, ദുരാഗ്രഹങ്ങളുടെയും ലോഭമോഹങ്ങളുടെയും വേലിയേററത്തിനു നടുവിൽ, മറുത്തൊരു ചോദ്യമില്ലാതെ, അവർ ജീവിച്ചു. അപ്പോഴാണ്, കൂനിന്മേൽ കുരുവെന്നപോലെ, അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു് ദുരധികാരത്തിൻെറ അണക്കെട്ടു തുറന്നതു്. എല്ലാംകൂടി ആലോചിക്കുമ്പോരം വിനാശ കാലേ വിപരീത ബുദ്ധി എന്നല്ലാതെ ഒന്നും പറയാനില്ല.

പിന്നീട നടന്നതു് എല്ലാവർക്കും അറിവുള്ള കാര്യങ്ങളാണ്. തെക്കെ ഇന്ത്യയിൽ ദുരധികാരത്തിൻെറ കെടുതികരം അത്രവളരെ അനുഭവപ്പെട്ടില്ല. ഇവിടെയുള്ളവർ മാത്രം വിചാരിച്ചാൽ അഖിലേന്ത്യാ രംഗത്തു് വലുതായിട്ടൊന്നും ചെയ്യാനും സാധ്യമല്ല. വിന്ധ്യനു തെക്കു് ഇന്ത്യയില്ല എന്നു പറയുന്നതു് ഒരർത്ഥത്തിൽ ശരിയാണ്. ദുർഭരണത്തിൻെറയും യുദ്ധത്തിൻെറയും, ക്ഷാമത്തിൻെറയും മതകലഹങ്ങളുടെയും ദുരിതങ്ങളൊന്നും ഈ ദക്ഷിണാപഥത്തിൽ ജീവിക്കുന്ന നാം അനുഭവിച്ചിട്ടില്ല. ഇന്ത്യയെകീഴ്മേൽമറിച്ച കൊടുംകാററുകളെല്ലാം വടക്കാണ് വീശിയിട്ടുള്ളതു്. ഇത്തവണയും അങ്ങനെ തന്നെ സംഭവിച്ചു. തിരഞ്ഞെടുപ്പു വന്നപ്പോരം അവിടത്തെ ജനങ്ങരം, മുപ്പതുവർഷമായി നീറിപ്പുകഞ്ഞു കിടന്ന ആദ്ധ്യാത്മികമായ വേദനകരംക്കും അടിയന്തരാവസ്ഥയുടെ ക്രൂരതകരംക്കും ഒന്നിച്ചു് പ്രതികാരം ചെയ്തു. നമുക്കുമാത്രമല്ല സമസ്ത ലോകത്തിനും ഇതൊരു സാധന പാഠമാണ്. ആദ്ധ്യാത്മിക പാരമ്പര്യങ്ങളെയും ധാർമ്മിക മൂല്യങ്ങളെയും അവഗണിച്ചു്, ഭൗതിക ശ്രേയസ്സിൽ മാത്രം ശ്രദ്ധിച്ചു് ഒരു ജനതയ്ക്കും ജീവിക്കാൻ സാധ്യമല്ല. അങ്ങനെ ആർക്കും അവരെ അധികം നാരം ഭരിക്കാനും സാധ്യമല്ല.

*

Digitized by Kerala Sahitya Akademi